**ക്രമപ്രശ്നം**

(1) ബില്ലിന്റെ ചർച്ചയ്ക്ക് സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം നിയമസഭയുടെ പരമപ്രധാന കർത്തവ്യമായ നിയമനിർമ്മാണത്തിനായി ചേരുന്നതിൽ ഞാൻ പ്രത്യേകമായി അങ്ങയെ അഭിനന്ദിക്കുകയാണ്. ഓരോ ഘട്ടത്തിലും അതത് നിയമസഭാ ചട്ടങ്ങൾ നിശ്ചയിച്ച തരത്തിലുള്ള ചർച്ചയിലൂടെയാണ് കരട് ബില്ലുകൾ മെച്ചപ്പെടുത്തി ഉത്തമ നിയമങ്ങളാക്കുന്നതിൽ സഭ ശ്രദ്ധിക്കുന്നത്. ഇപ്രകാരമുള്ള ലക്ഷ്യം കൈവരിക്കുന്നതിന് ബന്ധപ്പെട്ട നിയമസഭാ ചട്ടം പാലിക്കുന്നത് ഉചിതമാണെന്ന് കരുതുന്നു. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 77 (1)-ൽ ബില്ലിന്റെ അവതരണവേളയിൽ ചട്ടം 76 പ്രകാരമുള്ള ചർച്ചയെപ്പറ്റി സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്. 'പ്രസ്തുത ദിവസം ബില്ലിന്റെ തത്വവും അതിലെ വ്യവസ്ഥകളും പൊതുവായി ചർച്ച ചെയ്യപ്പെടാവുന്നതും എന്നാൽ ബില്ലിന്റെ തത്വങ്ങളെ വിശദീകരിക്കുന്നതിനാവശ്യമായതിൽ കൂടുതലായി അതിന്റെ വിശദാംശങ്ങളെപ്പറ്റി ചർച്ചചെയ്യാൻ പാടില്ലാത്തതുമാകുന്നു'.

ആയതിനാൽ പ്രസ്തുത ചട്ടത്തിനനുസൃതമായി സഭയിൽ ബില്ലുമായി ബന്ധമില്ലാതെ വരുന്ന പരാമർശങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണ്. കൂടാതെ, സ്കോപ്പ് ഓഫ് ഡിസ്കഷനെ സംബന്ധിച്ച് 1960-ൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗുമുണ്ട്. ബില്ലുകളുടെ കാര്യക്ഷമമായ പരിശോധനയ്ക്കുതകുംവിധം നിയമസഭാ ചട്ടത്തിലെ 294 (1) അനുശാസിക്കുംപ്രകാരം സഭയുടെ അഭിമതത്തോടെ ബില്ലിന്റെ ചർച്ച അവസാനിപ്പിക്കുന്നതിന് സമയപരിധി നിശ്ചയിക്കാവുന്നതാണെന്നും പരിഗണിക്കാവുന്നതാണ്. ഇതിൽ 1978-ലെ ഗുരുവായൂർ ദേവസ്വം ബിൽ സഭ പരിഗണിക്കവേ 'no member shall take more than ten minutes in the discussion' എന്ന് റൂൾ ചെയ്ത നടപടിയും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമസഭയുടെ വരുംദിവസങ്ങളിൽ ഒട്ടനവധി നിയമങ്ങൾ ഖണ്ഡം തിരിച്ച് ചർച്ചയ്ക്കുവരുന്നതാണ്. നിയമനിർമ്മാണത്തിന്റെ അന്തഃസത്ത കാത്തുസൂക്ഷിക്കണമെങ്കിൽ അതത് ബില്ലുകളുടെ ചർച്ചകളിൽ ബില്ലുകളുടെ വിഷയത്തിൽനിന്നുതന്നെ ചർച്ചയുണ്ടാകണം. വിഷയത്തിൽനിന്ന് വ്യതിചലിച്ച് ചർച്ചമുന്നേറുന്നത് നിയമനിർമ്മാണത്തിന്റെതന്നെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് കോട്ടം തട്ടുന്നതാണ്. ആയതിനാൽ ബില്ലുകളുടെ കാര്യക്ഷമമായ ചർച്ചയ്ക്കിടയാകുന്ന തരത്തിൽ സമയക്രമം പാലിക്കപ്പെടുന്നതിലും വിഷയത്തിൽതന്നെ ചർച്ച തുടരുന്നതും സംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിഷയം

ചട്ടം 303 അനുസരിച്ച് ക്രമപ്രശ്നമായി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനുമുൻപ് ഞാനൊരു കാര്യം ഓർമ്മിപ്പിക്കുകയാണ്, ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്ന ആളുകളുടെ അവകാശം വെട്ടിചുരുക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടിയാണിത്. നിയമസഭയുടെ ചരിത്രത്തിൽ ഇന്നുവരെ ബില്ലിന്റെ ചർച്ചയിൽ പങ്കെടുക്കുന്നതിൽ കാര്യമായ നിയന്ത്രണങ്ങളുണ്ടായിരുന്നില്ല. മറ്റ് പലതിനും നിയന്ത്രണങ്ങളുണ്ട്. ഈ സഭയിൽ ചർച്ചാവേളയിൽ പതിനഞ്ച് മിനിട്ടിനപ്പുറത്തേയ്ക്ക് പേകരുതെന്ന് അങ്ങ് പറഞ്ഞു. ഏറെക്കുറെ അതൊരു പൊതുധാരണയായി നിൽക്കുകയാണ്. ആ സന്ദർഭത്തിലാണ് ഡോ. എൻ. ജയരാജ് ഇതിനെ പത്തുമിനിട്ടായി ചുരുക്കണമെന്ന് പറയുന്നത്. അംഗങ്ങളുടെ അവകാശത്തെ നിയന്ത്രിക്കാൻ കഴിയുമോ? അങ്ങനെയുണ്ടെങ്കിൽ, അങ്ങ് ബി.എ.സി.-യിൽ ടേക്ക് അപ്പ് ചെയ്യുകയും മറ്റ് രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായം അറിയുകയും പൊതുവായി ഒരു ധാരണയുണ്ടാക്കുകയും ചെയ്യണം. ആ ധാരണയുണ്ടാക്കാതെ അങ്ങ് ദയവായി ഇതിനെക്കുറിച്ച് അടിയന്തരമായി ഒരു റൂളിംഗ് നൽകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, പഴയ ഒരു റൂളിംഗിന്റെ കാര്യമാണ് പറഞ്ഞത്. ഇത് പറഞ്ഞിട്ടില്ല......(മൈക്ക് ഓഫ്...).